# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 4022

20.07.2015-ൽ
മറുപടിയ്ക്ക്

## പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br><br>(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;<br><br>(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ) (ബി) (സി) & (ഡി) 01.01.2014-മുതൽ നടപ്പിലാക്കിയ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട റൂളുകൾ സംസ്ഥാന സർക്കാർ തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള കാലതാമസം മൂലം പൊതുമരാമത്ത് വകുപ്പിന്റെ അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന നടപ്പിലാക്കാൻ 30.04.2015-ലെ സ.ഉ. (സാധാ) നം. 2271/15/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർമാർക്ക് നെഗോഷിയേറ്റഡ് പർച്ചേസിനുള്ള അധികാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ